(ബി) നെൽകൃഷിക്കുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, നീർവാർച്ച സൗകര്യങ്ങളുടെ അപര്യാപ്തത, തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിയും പാർപ്പിട വാണിജ്യാവശ്യങ്ങൾക്കായി നെൽവയൽ നികത്തി ഉപയോഗിക്കുന്ന പ്രവണത എന്നിവ നെൽകൃഷി വിസ്തൃതി കുറയുന്നതിനും കൃഷി ഭൂമി തരിശിടുന്നതിനും കാരണമാകുന്നുണ്ട്. ഇതുസംബന്ധിച്ച പ്രത്യേക പഠനം കൃഷി വകുപ്പ് നടത്തിയിട്ടില്ല. നെൽകൃഷിക്കായി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെയും തരിശുനില കൃഷിക്കായി നൽകുന്ന സഹായങ്ങളുടെയും ഫലമായി നെൽകൃഷി ചെയ്യാതെ ഭൂമി തരിശിടുന്ന പ്രവണത സംസ്ഥാനത്ത് വളരെ കുറഞ്ഞിട്ടുണ്ട്.

(സി) ജൈവ കൃഷിയിൽ നിന്നുള്ള ഉല്പന്നങ്ങൾക്ക് നിലവിൽ കർഷകർക്ക് ഉയർന്ന വില ലഭിക്കുന്നുണ്ട്. 2012-13 വർഷം മുതൽ ജൈവകൃഷി പ്രോത്സാഹനത്തിനും വ്യാപനത്തിനുമുള്ള പദ്ധതികൾ ജൈവ ജില്ലയായി പ്രഖ്യാപിച്ച കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ജൈവ ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ആറ് ഇക്കോഷോപ്പുകൾ ആരംഭിക്കുകയുണ്ടായി. ഇവയിൽ നാലെണ്ണം നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇവയിലൂടെ കർഷകരുടെ ജൈവ ഉല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നു. 2015-16 വർഷം വി.എഫ്.പി.സി.കെ. മുഖേന കർഷകരുടെ ജൈവ ഉല്പന്നങ്ങൾ അധികവില നൽകി സംഭരിക്കാൻ ധാരണയായിട്ടുണ്ട്.

ബാലവേല നിയമത്തിലെ ഭേദഗതി

19 (*289) ശ്രീ. എളമരം കരീം :
ശ്രീ. എം. എ. ബേബി :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്ര സർക്കാർ നടപടി സംബന്ധിച്ച നിലപാടറിയിക്കാമോ ;

(ബി) പ്രസ്തുത നിയമഭേദഗതി വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടാനുള്ള സാദ്ധ്യത വിലയിരുത്തിയിട്ടുണ്ടോ ;

(സി) പ്രസ്തുത ഭേദഗതി നിയമത്തിലെ വ്യവസ്ഥകൾ ദുരുപയോഗം ചെയ്യപ്പെടാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നിലവിൽ സംസ്ഥാനത്ത് ബാലവേല പൂർണ്ണമായി തടയുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ് ; അവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ബാലവേല നിയമത്തിൽ ഭേദഗതി വരുത്തിയ കേന്ദ്രസർക്കാർ നടപടി സംബന്ധിച്ച് മാധ്യമങ്ങളിൽ കൂടിയുള്ള അറിവ് മാത്രമേ ലഭിച്ചിട്ടുള്ളൂ. നിയമ ഭേദഗതി വന്നിട്ടില്ല.

(ബി) ഭേദഗതി സംബന്ധിച്ച പൂർണ്ണവിവരം ലഭ്യമായിട്ടില്ലാത്തതിനാൽ ആയത് വിലയിരുത്തിയിട്ടില്ല.

(സി) നിയമ ഭേദഗതി ഉണ്ടാകുന്ന മുറയ്ക്ക് ഇതുമായി ബന്ധപ്പെട്ട് മുൻകരുതലുകൾ സ്വീകരിക്കുന്നതാണ്.

(ഡി) 1986-ലെ ബാലവേല നിരോധന നിയമപ്രകാരം സംസ്ഥാന തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാർ, അസിസ്റ്റന്റ് ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തി ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ബാലവേല നിർമ്മാർജ്ജനത്തിനായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ, സംസ്ഥാന സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ, പോലീസ്, ചൈൽഡ് ലൈൻ, ജില്ലാ ഭരണകൂടവുമായി ചേർന്ന് ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ബാലവേലയ്ക്കെതിരായി സ്റ്റിക്കർ, പോസ്റ്റർ എന്നിവ ഡിസൈൻ ചെയ്ത് സ്കൂളുകൾ, ഹോട്ടലുകൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിതരണം ചെയ്യാനുള്ള കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയും വരുന്നു. കൂടാതെ, ബാലവേലയ്ക്കെതിരെ സാമൂഹ്യാവബോധം സൃഷ്ടിക്കുന്നതിനും കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കുടുംബങ്ങളുടെ സാമൂഹ്യ ഉന്നമനവും ലക്ഷ്യമാക്കി കർമ്മ പരിപാടികൾ നടപ്പാക്കുന്നതിന്റെയും ആവശ്യകത പൊതുജന മദ്ധ്യത്തിൽ അവതരിപ്പിക്കുവാനും ഉദ്ദേശിച്ചു കൊണ്ടുള്ള വീഡിയോ ഡോക്യുമെന്ററി ഉൾപ്പെടെയുള്ള പ്രചരണ പരിപാടി തൊഴിൽ വകുപ്പ് 2015-16 പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ ചെയർമാനും ജില്ലാ ലേബർ ഓഫീസർ കൺവീനറായും

LIBRARY ARCHIVES Kerala Legislative Assembly

ചൈൽഡ് വെൽഫെയർ-കം-മോണിറ്ററിംഗ് കമ്മിറ്റി പ്രവർത്തിച്ചുവരുന്നു. നിലവിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. തുടർന്ന് തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ബാക്കി ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിക്കാനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

പ്ലാസ്റ്റിക് മാലിന്യ റീസൈക്ലിംഗ്

20 (*290) ശ്രീ. ടി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. കെ. എൻ. എ. ഖാദർ :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ളാസ്റ്റിക് മാലിന്യ ശേഖരണം, റീസൈക്ളിംഗ് എന്നീ കാര്യങ്ങളിൽ നഗരസഭകൾക്ക് എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായി എന്നതിന്റെ വിശദ വിവരം ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന ശുചിത്വമിഷൻ എന്തൊക്കെ നിർദ്ദേശങ്ങളും സഹായങ്ങളും തദ്ദേശ സ്ഥാപനങ്ങൾക്കു നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്ളാസിറ്റിക് മാലിന്യ റീസൈക്ളിംഗ്, പുനരുപയോഗ സാധ്യത എന്നീ കാര്യങ്ങളിൽ വിശദമായി പഠനം നടത്തി, എല്ലാ വിഭാഗം ജനങ്ങളുടെയും സഹകരണത്താൽ ഈ വിപത്തിന് പരിഹാരം കാണാൻ നിർദ്ദേശം നൽകുമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി):

(എ) പ്ലാസ്റ്റിക് മാലിന്യ ശേഖരണം, റീസൈക്ലിംഗ് എന്നീ കാര്യങ്ങളിൽ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തെ പല നഗരസഭകളും റിസോഴ്സ് റിക്കവറി സെന്റർ/മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സൗകര്യം ഒരുക്കിയും കൂടാതെ അജൈവ മാലിന്യം ശേഖരിച്ച് നേരിട്ട് ഏജൻസികൾക്ക് പുനഃചംക്രമണത്തിനായി കൈമാറിയും വരുന്നുണ്ട്. കൂടുതൽ നഗരസഭകൾ ഇത്തരം സൗകര്യം സൃഷ്ടിച്ച് പ്ലാസ്റ്റിക് അടക്കമുള്ള അജൈവ മാലിന്യം പുനരുപയോഗിച്ച് പുനഃചംക്രമണത്തിനായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ക്ലീൻകേരള കമ്പനിയുടെ

LIBRARY ARCHIVES Kerala Legislative Assembly